ശ്രീ. കെ. മുഹമ്മദാലി: പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനുകളും സഹകരണ സംഘങ്ങളും ഏകോപിപ്പിച്ച് പ്രവർത്തിച്ചാൽ ഈ രംഗം കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ഇതൊരു നല്ല നിർദ്ദേശമാണ്. സഹകരണ മാവേലി സ്റ്റോറുകളെന്ന ആശയം തന്നെ ഇതിന്റെ ആരംഭമാണ്.

റേഷൻ കട വഴിയുള്ള ഭക്ഷ്യ എണ്ണ വിതരണം

* 162 [165] ശ്രീമതി പി.ദേവൂട്ടി:
ശ്രീ. വി.കേശവൻ:
,, കെ.പുരുഷോത്തമൻ:
,, വി.ജെ.തങ്കപ്പൻ:
,, സി.കെ.ചക്രപാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകട വഴി ഭക്ഷ്യ എണ്ണ വിതരണം എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇപ്പോൾ എന്തെല്ലാം ഭക്ഷ്യ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്;

(സി) വെളിച്ചെണ്ണ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ. ബീരാൻ):

(എ) 1980 ഫെബ്രുവരി മാസം മുതൽ.

(ബി) അരി, ഗോതമ്പ്, പഞ്ചസാര, വെളിച്ചെണ്ണ എന്നീ ഭക്ഷ്യസാധനങ്ങൾ.

(സി) വെളിച്ചെണ്ണയുടെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

ശ്രീ.വി.കേശവൻ: റേഷൻ കടകളിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്യുന്നത് വെളിച്ചെണ്ണയുടെ ലഭ്യതയനുസരിച്ചാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വെളിച്ചെണ്ണ കിട്ടാൻ അത്ര വലിയ ബുദ്ധിമുട്ടാണോ? എല്ലാ റേഷൻകടകളിലൂടെയും ആവശ്യത്തിന് വെളിച്ചെണ്ണ ഇപ്പോൾ കൊടുക്കുന്നില്ല. എല്ലാ റേഷൻ കടകളിലൂടെയും വെളിച്ചെണ്ണ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.യു.എ.ബീരാൻ: മാവേലി സ്റ്റോറുകളിലൂടെയും എ.ആർ.ഡി.കളിലൂടെയും വിതരണം ചെയ്യുന്നതിന് വെളിച്ചെണ്ണ ലഭിക്കുന്നത് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയാണ് ഇങ്ങനെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. കഴിഞ്ഞ 2 മാസമായി കൊപ്ര കുറവായതു കൊണ്ട് അവിടത്തെ ഉൽപ്പാദനം വളരെ കുറവാണ്. ഇതു വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ.വി.കേശവൻ: കേരളത്തിലെ കൊപ്രയുടേയും നാളികേരത്തിന്റേയും വില വർദ്ധിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി ധാരാളം കൊപ്ര കോർപ്പറേഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നു എന്ന് ഈ സഭയിൽ മുഖ്യമന്ത്രി പറയുകയുണ്ടായി. കൊപ്ര കിട്ടാനില്ലാത്തതുകൊണ്ടാണ് വെളിച്ചെണ്ണ കിട്ടാനില്ലാത്തതെന്ന് ഇവിടെ മന്ത്രി ഉത്തരത്തിൽ പറയുകയുണ്ടായി. അതു ശരിയല്ല. ഇപ്പോഴും ആവശ്യത്തിന് വെളിച്ചെണ്ണ കിട്ടാനുള്ള സാഹചര്യം ഉണ്ട്? കൂടുതൽ വെളിച്ചെണ്ണ വിതരണം ചെയ്തുകൊണ്ട് നാളികേര കർഷകരേയും ഉപഭോക്താക്കളേയും സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ.യു.എ.ബീരാൻ: ഞാൻ പറഞ്ഞത് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നാണ് വെളിച്ചെണ്ണ കിട്ടുന്നതെന്നാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ അവിടെ നിന്ന് 1552 ടൺ വെളിച്ചെണ്ണ കിട്ടി. അതേസമയം ഏപ്രിൽ മാസത്തിൽ 864 ടൺ മാത്രമേ കിട്ടിയുള്ളു. മേയ് മാസത്തിൽ 814 ടണ്ണാണ് കിട്ടിയത്. ഈ മാസം ഇന്നലെ വരെ കിട്ടിയത് 825 ടണ്ണാണ്. ഇതു മതിയാകുകയില്ല. ഒരു മൂവായിരം - മൂവായിരത്തിയഞ്ഞൂറ് ടണ്ണെങ്കിലും ശരാശരി കിട്ടുകയാണെങ്കിലേ മതിയാകുകയുള്ളൂ എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ.വി.ജെ.തങ്കപ്പൻ: വെളിച്ചെണ്ണയുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിച്ച് നാളികേര വില വർദ്ധിപ്പിക്കുന്നതിനാണ് റേഷൻകടകളിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്യാൻ തീരുമാനിച്ചത്. അങ്ങനെ വിതരണം ചെയ്യാൻ തീരുമാനമെടുത്തതിനുശേഷം ഇതുവരെ എത്ര ടൺ വെളിച്ചെണ്ണ മാവേലിസ്റ്റോറുകളിലൂടെയും റേഷൻ കടകളിലൂടെയും വിതരണം ചെയ്തിട്ടുണ്ടെന്നും ഇതിനുവേണ്ടി ഗവൺമെന്റ് സബ്സിഡി കൊടുത്തതു വഴി എത്ര ഉറുപ്പിക നഷ്ടം വന്നിട്ടുണ്ടെന്നും പറയാമോ?

ശ്രീ.യു.എ.ബീരാൻ: 1985 ഡിസംബർ മുതലാണ് ഇതു തുടങ്ങിയത്. 21-6-86 വരെയുള്ള കണക്കനുസരിച്ച് 8525 മെട്രിക് ടൺ വെളിച്ചെണ്ണ വിതരണം ചെയ്തിട്ടുണ്ട്. അതിൽ 70 ലക്ഷത്തോളം ഉറുപ്പിക കോർപ്പറേഷന് നഷ്ടം വന്നിട്ടുണ്ട്. നഷ്ടത്തിന്റെ പ്രധാന കാരണം ഹാൻഡ്ലിംഗ് ചാർജായി രണ്ടര ഉറുപ്പിക കോർപ്പറേഷൻ ആവശ്യപ്പെട്ടു എങ്കിലും ഒരുറുപ്പികയേ കൊടുക്കുന്നുള്ളൂ. 2 ഉറുപ്പിക 16 പൈസ ചെലവു വരുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് നഷ്ടം സഹിച്ചാണ് വെളിച്ചെണ്ണ വിതരണം ചെയ്യുന്നത്.

ശ്രീ.വി.ജെ.തങ്കപ്പൻ: നാളികേര വികസന കോർപ്പറേഷനിൽ നിന്നാണ് വെളിച്ചെണ്ണ വാങ്ങുന്നതെന്നു പറഞ്ഞു. നാഫെഡും മാർക്കറ്റിംഗ് ഫെഡറേഷനും ഇഷ്ടംപോലെ കൊപ്ര സംഭരിച്ചിട്ടുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കണക്ക്. അങ്ങനെയാണെങ്കിൽ നാഫെഡിൽ നിന്നും മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നും കൊപ്രയും വെളിച്ചെണ്ണയും വാങ്ങി മാവേലി സ്റ്റോറുകളും വഴി വിതരണം ചെയ്യാനുള്ള സൻമനസ്സുണ്ടാകുമോ?

ശ്രീ. യു. എ. ബീരാൻ: അതിന് സൻമനസ്സുണ്ട്. പക്ഷേ കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നു വെളിച്ചെണ്ണ കിട്ടണം.

ശ്രീ. എം. എം. ഹസ്സൻ: കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നു മാത്രമേ വെളിച്ചെണ്ണ വാങ്ങുകയുള്ളൂ എന്നൊരു നിലപാട് ഗവൺമെൻറ് സ്വീകരിച്ചത് ശരിയല്ല. ഇവിടെ പ്രതിപക്ഷമെമ്പർ ശ്രീ. വി.ജെ.തങ്കപ്പൻ പറഞ്ഞതുപോലെ നാഫെഡും മാർക്കറ്റിംഗ് ഫെഡറേഷനുമെല്ലാം ആവശ്യത്തിലധികം കൊപ്ര ശേഖരിച്ച് വച്ചിരിക്കുന്ന സാഹചര്യത്തിൽ എന്തുകൊണ്ട് ഓപ്പൺമാർക്കറ്റിൽ നിന്നു വെളിച്ചെണ്ണ വാങ്ങി റേഷൻ കടകളിലൂടെ വിതരണം ചെയ്തു നാളികേര കൃഷിക്കാരെ സഹായിക്കാനുള്ള ഒരു സമീപനം സ്വീകരിച്ചുകൂടാ? എന്തായാലും ഗവൺമെൻറ് നഷ്ടം സഹിക്കുന്നു. ഇത്തരത്തിൽ കേരകർഷകരെ സഹായിക്കാനുള്ള അടിയന്തിര തീരുമാനം സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: വെളിച്ചെണ്ണ വിതരണത്തിനുവേണ്ടി യെടുത്ത ഒരു തീരുമാനമാണിത്. അതുമാത്രവുമല്ല ഓപ്പൺമാർക്കറ്റിൽ വെളിച്ചെണ്ണയ്ക്ക് വില കൂടുതലാണ്. ഇരുപത്തിയൊന്ന്, ഇരുപത്തിരണ്ട് രൂപ വില ഓപ്പൺമാർക്കറ്റിലുള്ളപ്പോൾ ഗവൺമെൻറ് സബ്സിഡി കൊടുത്ത് 17 രൂപയ്ക്കാണ് കൊടുക്കുന്നത്. കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നു വെളിച്ചെണ്ണ സംഭരിച്ച് അതു റേഷൻ കടകളിലൂടെയും മാവേലിസ്റ്റോറുകളിലൂടെയും 17 ഉറുപ്പികയ്ക്ക് വിൽപ്പന നടത്തിയാണ് ആളുകളെ സഹായിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: നാളികേര വികസന കോർപ്പറേഷൻ ഏതാണ്ട് 18,000 ടൺ കൊപ്ര ആട്ടി വെളിച്ചെണ്ണ സിവിൽസപ്ലൈസ് കോർപ്പറേഷന് തന്നിട്ടുണ്ട്. കൊപ്ര ആട്ടിവച്ചാൽ സമയത്തു എടുത്തു കൊണ്ടു പോകാത്തതിനേറെയും എടുത്തു കൊണ്ടു പോകുന്ന വെളിച്ചെണ്ണ പുറം മാർക്കറ്റിൽ കള്ളത്തരത്തിൽ വിൽക്കുന്നതിനേറെയും മറ്റും ഫലമായി റേഷൻ കടകളിലൂടെ ശരിക്ക് വെളിച്ചെണ്ണ വിതരണം നടത്തുന്നില്ല. ഇത്രയും കാലമായിട്ട് ആലപ്പുഴയിൽ ഒരൊറ്റ പ്രാവശ്യം മാത്രമാണ് റേഷൻകടകളിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ വലിയ കള്ളത്തരങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്നുണ്ട്. അല്ലെന്നുണ്ടെങ്കിൽ ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ശ്രീമതി ഗൗരിയമ്മയുടെ അഭിപ്രായമാണ് കള്ളത്തരങ്ങൾ നടക്കുന്നുണ്ടെന്നുള്ളത്. അങ്ങനെയല്ലെന്നു ഞാൻ പറയുന്നു.

ശ്രീമതി കെ. ആർ. ഗൗരി: എങ്കിൽ ഇതിനെപ്പറ്റി അന്വേഷണം നടത്താമോ?

ശ്രീ. യു. എ. ബീരാൻ: പരാതിയുണ്ടെങ്കിൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.പി.പ്രഭാകരൻ: സർ, ആദ്യം പാമോലിൻ വിതരണം നിർത്തി വെളിച്ചെണ്ണയുടെ വിതരണം ആരംഭിച്ചപ്പോൾ അന്ന് ഇവിടെ പറഞ്ഞത് വെളിച്ചെണ്ണയ്ക്ക് ഒരു കിലോക്ക് 15 രൂപവച്ച് റേഷൻ കടകൾ മുഖേന കൊടുക്കുമെന്നായിരുന്നു. ഇപ്പോൾ പറയുന്നു 17 രൂപാ ആണെന്ന്. ഇപ്പോൾ കിട്ടുന്ന വെളിച്ചെണ്ണ വിതരണം ചെയ്യുമെന്നുള്ള രീതിയിലാണ് മന്ത്രി മറിച്ചും തിരിച്ചും പറയുന്നത്. ഇവിടെ നാളികേരത്തിന് വിലയിടിവ് വന്നപ്പോൾ അതിന് പരിരക്ഷ എന്നുള്ള നിലയ്ക്കാണ് പാമോലിൻ വിതരണം നിറുത്തി കേരളത്തിലെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻവേണ്ടി വെളിച്ചെണ്ണ വിതരണം ചെയ്യാൻ തീരുമാനിച്ചത്. അങ്ങനെ തീരുമാനിക്കുമ്പോൾ അതിന് ആവശ്യമുള്ള വെളിച്ചെണ്ണ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കാനുള്ള ചുമതല ഗവൺമെൻറിനുണ്ട്; കിട്ടിയത് വിൽക്കാനല്ല. അങ്ങനെയാണെങ്കിൽ ഗവൺമെൻറ് വേണ്ട. റേഷൻ ഷോപ്പുകൾ മുഖേന വിതരണം നടത്താൻ ഒരു മാസത്തിൽ ഈ സംസ്ഥാനത്തിന് എത്ര ടൺ വെളിച്ചെണ്ണ വേണം; അതിന് വേണ്ടിവരുന്നത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ? ആ വെളിച്ചെണ്ണ സംഭരിക്കുന്നതിന് ഗവൺമെൻറിനുള്ള പ്ലാനെന്താണ്? പാമോലിൻ 12 രൂപക്ക് ആളുകൾക്ക് കിട്ടിയിരുന്നതാണ്. ആ സ്ഥാനത്താണ് 15 രൂപക്ക് വെളിച്ചെണ്ണ കൊടുക്കാൻ തീരുമാനിച്ചത്. അത് നാളികേര കൃഷിക്കാരെ രക്ഷിക്കാനുള്ള സ്കീമായിട്ടാണ് തുടങ്ങിയതെങ്കിലും അതുകൊണ്ടൊന്നും നാളികേരത്തിൻറെ വിലയിടിവിന് ഒരു പരിഹാരമായിട്ടില്ല. അത് ഗവൺമെൻറ് ഉപേക്ഷിക്കുകയോ അല്ലെങ്കിൽ സ്ഥിരമായിട്ട് വെളിച്ചെണ്ണ വിതരണം ചെയ്യുന്നതിന് വെളിച്ചെണ്ണ ലഭ്യമാക്കാൻ മറ്റ് കോർപ്പറേഷൻ മുഖേനയോ അല്ലെങ്കിൽ ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ പറഞ്ഞപോലെ പരസ്യമായി മാർക്കറ്റിൽ നിന്ന് എടുത്ത് വിതരണം ചെയ്യാനോ ഉള്ള ഒരു സംവിധാനമുണ്ടാക്കുന്നതിന് ഗവൺമെൻറിന് വല്ല പ്ലാനുണ്ടോ?

ശ്രീ.യു.എ.ബീരാൻ: സർ, ബഹുമാനപ്പെട്ട ശ്രീ.കെ.പി. പ്രഭാകരൻ പറഞ്ഞതുപോലെ ഡിസംബർ മാസം മുതൽ വെളിച്ചെണ്ണ വിതരണം ആരംഭിച്ചപ്പോൾ കുറഞ്ഞ വില 15 ഉറുപ്പിക ആയിരുന്നു. അന്ന് മാർക്കറ്റ് വില ഇന്നത്തെയത്ര ഉണ്ടായിരുന്നില്ല. മാർക്കറ്റ് വില ഇപ്പോൾ കുറച്ച് കൂടിയിട്ടുണ്ട്. അത് കൂടിയതിനനുസരിച്ച് 15 ഉറുപ്പിക ആയിരുന്നത് 17 ഉറുപ്പികയായി വർദ്ധിപ്പിക്കേണ്ടി വന്നു. എന്നാലും മാർക്കറ്റ് വിലയിലും നാലഞ്ച് രൂപ കുറച്ചാണ് ഈ വെളിച്ചെണ്ണ വിതരണം ചെയ്യുന്നത്. പിന്നെ ഒരുമാസത്തെ ഭക്ഷ്യഎണ്ണയുടെ ശരാശരി ആവശ്യം 4,600 ടണ്ണിനിടയിൽ വേണം. അത് ഡിസംബർ വരെ ഇൻഡ്യാ ഗവൺമെൻറ് പാമോയിലും, സോയാബീൻ ഓയിലും അതുപോലെ സൺഫ്ളവർ ഓയിലുമാണ് തന്നിരുന്നത്. അത് ചില മാസങ്ങളിൽ 3000 ടൺ, ചില മാസങ്ങളിൽ 4000 ടൺ, ചിലമാസങ്ങളിൽ 4500 ടൺ ഇങ്ങനെയാണ് തന്നിരുന്നത്. അതനുസരിച്ചാണ് ആ എണ്ണ വിതരണം ചെയ്തിരുന്നത്. ഇപ്പോൾ വെളിച്ചെണ്ണ എല്ലാ റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്യണമെങ്കിൽ ഒരു 4000 ടണ്ണെങ്കിലും കിട്ടണം. ഈ 4000 ടണ്ണിൻറെ സ്ഥാനത്ത് കഴിഞ്ഞ മാസവും അതിൻറെ മുൻപിലത്തെ മാസവും 800—ൽ ചിലപ്പോൾ ടൺ വീതമാണ് കിട്ടിയത്. അപ്പോൾ കിട്ടാനുള്ള ബുദ്ധിമുട്ട് കാരണമാണ് ഇത് കുറഞ്ഞത്. അത് കൂടുതൽ കിട്ടാൻവേണ്ടി ശ്രമിക്കുന്നുണ്ട്. കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ വഴിയിൽ 2000 ടൺ കൊപ്രയുണ്ടെന്നും അത് ഉടനെ ക്രഷ് ചെയ്ത് ഈ മാസം കൂടുതൽ തരുമെന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.സി.ടി.കൃഷ്ണൻ: സർ, മന്ത്രി പറഞ്ഞ സാധനങ്ങളൊന്നും റേഷൻ കടകളിലൂടെ വിതരണം നടത്തുന്നില്ല, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ വെളിച്ചെണ്ണ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നില്ല. ഇന്ന് മലമ്പ്രദേശങ്ങളിൽ എട്ടുപത്ത് കി. മീറ്റർ നടന്നിട്ടാണ് റേഷൻ കടകളിലേക്ക് വരുന്നത്. റേഷൻ കടകളുടെ ദൂരം കുറയ്ക്കുകയും, കാർഡുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്ത് റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്താൽ കൂടുതൽ വെളിച്ചെണ്ണ വിൽപന നടത്താൻ സാധിക്കും. അതുമൂലം ഏറെ കർഷകരെ സഹായിക്കാൻ കഴിയും. അങ്ങനെ റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിക്കാനും, വെളിച്ചെണ്ണയുടെ വിതരണം വർദ്ധിപ്പിക്കാനും, നാളികേര കൃഷിക്കാരെ സഹായിക്കാനും ഒരു നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ.യു.എ.ബീരാൻ: സർ, ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചതുപോലെ റേഷൻ ഷോപ്പുകളുടെ എണ്ണം കണ്ടമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യമല്ല. അതിന് ചില മാനദണ്ഡങ്ങളും നിബന്ധനകളുമുണ്ട്. ഇത്ര കുടുംബങ്ങൾ റേഷൻ കടയിൽ വേണം, ഇത്ര കാർഡ് വേണം, അതിൽ ഇത്ര വിറ്റുവരവ് വേണം എന്നെല്ലാമുള്ള ചില നിർദ്ദേശങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലത്ത് ഒക്കെ ആളുകൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ റേഷൻ ഷോപ്പുകൾ നൽകുന്നുണ്ട്. ഉദാഹരണമായി ഇരുപതിന പരിപാടിയിൽ ഉദ്ദേശം 2000 ആളുകൾക്ക് ഒരു റേഷൻ ഷോപ്പ് വീതം കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. കേരളത്തിൽ ഇപ്പോൾ ശരാശരി 1750 ആളുകൾക്ക്, ഒരു റേഷൻ ഷോപ്പ് വീതം കൊടുത്തിട്ടുണ്ട്. ഇനിയും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആവശ്യമുള്ള സ്ഥലങ്ങളിൽ ആവശ്യപ്പെട്ടാൽ ഈ നിർദ്ദേശത്തിന് അനുസരിച്ച് റേഷൻ ഷോപ്പ് കൊടുക്കും. അങ്ങനെ കൂടുതൽ വെളിച്ചെണ്ണയും വിതരണം ചെയ്യാൻ ശ്രമിക്കും.

ശ്രീ.ലോനപ്പൻ നമ്പാടൻ: സർ, റേഷൻ കടക്കാരുടെ മുതൽമുടക്കും അദ്ധ്വാനഭാരവും അമിതമായി വർദ്ധിച്ചതുകൊണ്ട് റേഷൻ വിതരണക്കാർ ഇന്ന് നൽകുന്ന കമ്മീഷൻ വർദ്ധിപ്പിച്ച് കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ.യു.എ.ബീരാൻ: റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന് റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ മോറാവാഹികം മിനിഞ്ഞാന്ന് ഒരു നിവേദനം തന്നിട്ടുണ്ട്. പക്ഷേ ഈ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക എന്നത്, റേഷൻ ഭക്ഷ്യസാധനങ്ങൾ തരുന്നത് കേന്ദ്രമായതിനാൽ കേന്ദ്രം ഇതിനെ സംബന്ധിച്ച് ചില മാനദണ്ഡങ്ങൾ സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് നൽകിയിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാൻ നിവൃത്തിയുള്ളൂ. ഇവിടെ 1983-ൽ റേഷൻ കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല; വർദ്ധിപ്പിക്കുന്ന കാര്യം വളരെ ബുദ്ധിമുട്ടുള്ള ഒരു സംഗതിയാണ്. അത് പ്രത്യേകിച്ച് ഉപഭോക്താക്കളെ സാരമായി ബാധിക്കും എന്നുള്ളതുകൊണ്ട് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. അതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എ.സി.ഷൺമുഖദാസ്: നാളികേര വികസന കോർപ്പറേഷനിൽ നിന്ന് വെളിച്ചെണ്ണ ലഭിക്കുന്നില്ല എന്നു പറഞ്ഞു. അവരുടെ രണ്ട് ക്രഷിംഗ് യൂണിറ്റിനും കപ്പാസിറ്റി പോരാത്തതുകൊണ്ട് പത്തു പതിനെട്ടു ചക്കുകം വാടകയ്ക്കെടുത്ത് ക്രഷ് ചെയ്യുകയാണ്. നാളികേര വികസന കോർപ്പറേഷനിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് എണ്ണ കിട്ടാത്തത് ടിന്നിലും പാക്ക് ചെയ്തതുമൊക്കെ തരാമെന്നു പറഞ്ഞു; നിങ്ങൾക്ക് അതുപോര ടാങ്കറിൽ കിട്ടണം. ടാങ്കറിൽ കിട്ടിയാലല്ലേ മായം ചേർത്ത് ലാഭമുണ്ടാക്കാൻ പറ്റൂ. ഈ ഒരു തർക്കമാണ് നാളികേര കോർപ്പറേഷനിൽ വെളിച്ചെണ്ണ ഉണ്ടായിട്ടും ലഭിക്കാതെ തന്നെ കാര്യം പരിശോധിച്ചിട്ടുണ്ടോ? ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ മന്ത്രിയുണ്ടാകുമോ?

ശ്രീ.യു.എ.ബീരാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. വെളിച്ചെണ്ണ ടാങ്കറുകളിലും ബാരലുകളിലുമാണ് ഞങ്ങൾ ഉപയോഗിക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെയല്ല. ടാങ്കർ ലോറികളിൽ എടുത്ത് ബാരലുകളിലാക്കിയിട്ടാണ് സപ്ലൈ ചെയ്യുന്നത്. അതിന്റെ കുഴപ്പം കൊണ്ടല്ല. ഫെബ്രുവരി മാസത്തിൽ 1747 ടൺ കിട്ടി. അതുപോലെ മാർച്ച് മാസത്തിൽ 1552 ടൺ കിട്ടി. ഏപ്രിലായപ്പോൾ അത് കുറഞ്ഞ് 864 ടണ്ണായി. അതുപോലെ മേയ് മാസത്തിൽ 814 ടണ്ണായി, ജൂണിൽ 825 ടണ്ണായി, അത് പാത്രത്തിന്റെ കുഴപ്പംകൊണ്ടല്ല. സാധനമില്ലാത്തതുകൊണ്ടാണ്.

ശ്രീ.മണിമംഗലത്തു കുട്ട്യാലി: സർ, ഈ നാഫെഡിന്റെയും മാർക്കറ്റിംഗ് ഫെഡറേഷന്റെയും കയ്യിലുള്ള കൊപ്ര എടുത്താട്ടുന്ന ഏജൻസിയിൽ വന്നുപോകുന്ന കാലതാമസം മൂലം ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിൽക്കൂടി വിതരണം നടത്തുന്ന ഭക്ഷ്യഎണ്ണ കാറിപ്പോകുന്നുവെന്നുള്ള കാര്യം പലവട്ടം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. 'സർ, അത്തരത്തിലുള്ള കൊപ്ര നമ്മെ പർച്ചേസ് ചെയ്യുന്ന ഘട്ടത്തിൽത്തന്നെ ആട്ടാൻ സാധിക്കുന്ന കൊപ്രയും അല്ലാത്ത കൊപ്രയും വേർതിരിച്ചുകൊണ്ട് ആട്ടിയാൽ കാറുന്ന വെളിച്ചെണ്ണ നമ്മെ വിതരണത്തിനു വരില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

ശ്രീ.യു.എ.ബീരാൻ: സർ, കാറിയ എണ്ണ പാടില്ലായെന്നാണ് അഭിപ്രായം. അതനുസരിച്ച് ഗുണനിലവാരമുള്ള വെളിച്ചെണ്ണ തന്നെ തരണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ഭാർഗവി തങ്കപ്പൻ: നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന് നമ്മുടെ നാട്ടിൽ ജനങ്ങൾക്ക് തുണി, മരുന്ന് ഇവ ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗസാധനങ്ങളും റേഷൻ കടകളിൽകൂടി വിതരണംചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ.യു.എ.ബീരാൻ: സർ, ഈ തുണിയും മരുന്നും ഒന്നും റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നിവൃത്തിയില്ല. റേഷൻ കടകളിൽ കൂടി ഇന്ന സാധനങ്ങളേ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുണ്ട്. ഇതുപോലുള്ള സാധനങ്ങളെല്ലാം വിതരണം ചെയ്യാൻ ആണ് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഇതുവരെ വിതരണം ചെയ്ത വെളിച്ചെണ്ണയുടെ പേരിൽ 70 ലക്ഷം രൂപ നഷ്ടം വന്നുവെന്ന് പറഞ്ഞു. ആ ഭീമമായ നഷ്ടം വരുന്ന തുക; 70 ലക്ഷം രൂപ നമ്മുടെ രാജ്യത്തെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന ഈ കൃഷിക്കാരന്റെ കയ്യിൽ യഥാർത്ഥത്തിൽ എത്തിച്ചേരുന്നതിന് വല്ല നടപടിയും സ്വീകരിക്കാൻ അങ്ങ് ആലോചിക്കുന്നുണ്ടോ?

ശ്രീ. യു. എ. ബീരാൻ: കൃഷിക്കാരനു് എത്തിച്ചു് കൊടുക്കാനാണു് ഗവൺമെന്റു് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. അതിനുവേണ്ടിയാണു് ഈ കൊപ്ര സംഭരിക്കുന്നതു്. അതിലൂടെയാണു് കൃഷിക്കാരെ സഹായിക്കുന്നതു്.

ശ്രീ. ടി. കെ. ഹംസ: ഈ ക്ഷേ്യ എണ്ണ വിദേശരാജ്യങ്ങളിൽ നിന്നു് ഇറക്കുമതി ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നാണു് ഇറക്കുമതി ചെയ്യുന്നതു്? ആ രണ്ടു് കുപ്പൈറികളും ഇവിടെ വന്നതു് എണ്ണ ഇറക്കുമതി ചെയ്യുന്നതിനെപ്പറ്റി സംസാരിക്കാനാണോ?

ശ്രീ. യു. എ. ബീരാൻ: പാമോലിൻ ഇറക്കുമതി ചെയ്യുന്നതു് മലേഷ്യയിൽ നിന്നാണു്. കുപ്പൈറിലും സൗദി അറേബ്യയിലുമൊന്നും ഇതുപോലുള്ള ക്ഷേ്യഎണ്ണകളല്ല ഉള്ളതു്. പെട്രോളും മണ്ണെണ്ണയുമാണു് അവിടെയുള്ളതു്. അതു് ഇറക്കുമതി ചെയ്യുന്നുണ്ടു്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, മാവേലിസ്റ്റോറുകളിൽക്കൂടി പാമോലിനു പകരം വെളിച്ചെണ്ണ വിതരണം ചെയ്യുമെന്നു് മന്ത്രി ഇവിടെ പറഞ്ഞു. ഇങ്ങനെ വിതരണം ചെയ്യുമ്പോൾ നാളികേരം വളരെ കുറച്ചു് ഉൽപ്പാദിപ്പിക്കുന്ന മലയോരപ്രദേശങ്ങൾക്കും വയനാടു്, ഇടുക്കി എന്നീ പ്രദേശങ്ങൾക്കും മുൻഗണന നൽകാൻ തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: സർ, അങ്ങനെയുള്ള പ്രദേശങ്ങൾ തിരിച്ചു് മുൻഗണനയൊന്നും കൊടുത്തിട്ടില്ല. കേരളമൊട്ടാകെ ഒരേ രീതിയിൽ വിതരണം ചെയ്യണമെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

നോട്ടുബുക്കിൻമേലുള്ള സെയിൽസ് ടാക്സ്

* 163 [166] ശ്രീ. എസ്. ആർ. തങ്കരാജു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടുബുക്കിൻമേൽ സെയിൽസ് ടാക്സ് ഏതെല്ലാം സംസ്ഥാനങ്ങളിൽ ഉണ്ടെന്നു് അറിയുമോ;

(ബി) കേരളത്തിൽ വിദ്യാർത്ഥികളുടെ നോട്ടുബുക്കിൻമേലുള്ള സെയിൽസ് ടാക്സ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): (എ, ബി) സ്കൂൾകുട്ടികൾക്കായുള്ള നോട്ടുബുക്കിനു് ഏതെല്ലാം സംസ്ഥാനങ്ങളിൽ സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ടെന്നുള്ളതു് സംബന്ധിച്ചു് പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly